പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 264

# 2020-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 4.6.2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 264

# 2020-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

461/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 264

# 2020-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അപ്രകാരമുള്ള അനൗദ്യോഗിക അംഗങ്ങൾ സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതാണ്:

എന്നുമാത്രമല്ല, നിശ്ചിത കാലാവധി അവസാനിക്കുന്നതിന് മുൻപ് നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗത്തിന് പകരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന് അപ്രകാരം നീക്കം ചെയ്യപ്പെട്ട അംഗത്തിന് പ്രസ്തുത സമിതിയിൽ തുടരുവാൻ അർഹതയുള്ളിടത്തോളം കാലം മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

3. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പ് (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

" എന്നാൽ, അപ്രകാരമുള്ള അനൗദ്യോഗിക അംഗങ്ങൾ സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതാണ്:

461/2020

എന്നുമാത്രമല്ല, നിശ്ചിത കാലാവധി അവസാനിക്കുന്നതിന് മുൻപ് നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗത്തിന് പകരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന് അപ്രകാരം നീക്കം ചെയ്യപ്പെട്ട അംഗത്തിന് പ്രസ്തുത സമിതിയിൽ തുടരുവാൻ അർഹതയുള്ളിടത്തോളം കാലം മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ നിലവിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി രൂപീകരണ തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതും ഒരു സമിതിയുടെ കാലാവധി അവസാനിച്ചശേഷം അടുത്ത സമിതി രൂപീകരിക്കുന്നതുവരെ അതിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഉദ്യോഗത്തിൽ തുടരാവുന്നതുമാണ്. 9-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ജില്ലാതല അധികൃത സമിതിയിലെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ് എന്നും കാലാവധി തീർന്നതിനുശേഷവും, അടുത്തുവരേണ്ട അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ അവർക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്യുന്നു.

2. പ്രാദേശികതല നിരീക്ഷണ സമിതിയിലെയും ജില്ലാതല അധികൃത സമിതിയിലെയും അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി തീരുന്നതിന് മുമ്പ്, ഏതെങ്കിലും കാരണത്താൽ പ്രസ്തുത അംഗങ്ങളിൽ, മാറ്റം വരുത്തുവാൻ സർക്കാരിന് അധികാരം നൽകുന്നതിനും നിശ്ചിത കാലാവധി അവസാനിക്കുന്നതിനുമുമ്പ് നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗത്തിന് പകരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരംഗത്തിന്, അപ്രകാരം നീക്കം ചെയ്യപ്പെട്ട അംഗത്തിന് പ്രസ്തുത സമിതിയിൽ തുടരുവാൻ അർഹതയുള്ളിടത്തോളം കാലം മാത്രം ഔദ്യോഗികസ്ഥാനം വഹിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ് എന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഇ. ചന്ദ്രശേഖരൻ.

# 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2008-ലെ 28-ാം ആക്ട്)

** ** ** **

6. പ്രാദേശികതല നിരീക്ഷണ സമിതിയുടെ കാലാവധിയും ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും.—(1) പ്രാദേശികതല നിരീക്ഷണ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അതിന്റെ രൂപീകരണത്തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്. എന്നാൽ ഒരു സമിതിയുടെ കാലാവധി അവസാനിച്ചശേഷം അടുത്ത സമിതി രൂപീകരിക്കുന്നതുവരെ അതിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

(2) ഒരു അനൗദ്യോഗിക അംഗത്തിന് എപ്പോൾ വേണമെങ്കിലും സ്വന്തം കയ്യക്ഷരത്തിൽ രേഖാമൂലം എഴുതിക്കൊടുത്തുകൊണ്ട് സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

** ** ** **

9. ജില്ലാതല അധികൃത സമിതിയുടെ രൂപീകരണം.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കുന്നതിനു വേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും വേണ്ടി കളക്ടർ ഓരോ ജില്ലയിലും, ജില്ലാതല അധികൃത സമിതി രൂപീകരിക്കേണ്ടതാണ്.

** ** ** **

(3) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്. എന്നാൽ, കാലാവധി തീർന്നശേഷവും അടുത്തുവരേണ്ട അംഗങ്ങളെ നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെ അവർക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്.

** ** ** **